117 (500) കോളേജുകൾ ശനിയാഴ്ച പ്രവൃത്തി ദിവസമാക്കാനുള്ള തീരുമാനം

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലും സർവകലാശാലകളിലും ശനിയാഴ്ചയും പ്രവൃത്തി ദിവസം ആക്കുവാൻ ഗവണ്മെന്റ് തീരുമാനിച്ചിരുന്നുവോ;

(ബി) ഇതിനെതിരെ കേരള സർവകലാശാല സിൻഡിക്കേറ്റ് പ്രമേയം പാസ്സാക്കിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിൻഡിക്കേറ്റിന്റെ പ്രമേയത്തിന്മേൽ ഗവണ്മെന്റ് കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) യു.ജി.സി. യുടെ നിർദ്ദേശപ്രകാരമുള്ള ഗവണ്മെന്റ് ഉത്തരവ് ഇറക്കിയിട്ടുള്ളത്. (21-12-99ലെ ജി.ഒ.(പി) നമ്പർ. 171/99) ഈ ഉത്തരവിലെ ചില വ്യവസ്ഥകൾ മാറ്റിക്കൊണ്ട് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (10-12-2000ലെ ജി.ഒ.(പി) നമ്പർ 21/2000/ഉവിവ)

118 (506) ആൾസെയിന്റ്സ് കോളേജ് പ്രിൻസിപ്പാളിന്റെ അവധി അപേക്ഷ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ മേരി ഫ്രാൻസിസ് 20.10.97ൽ ശമ്പളമില്ലാത്ത അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടിയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ യഥാസമയം പ്രിൻസിപ്പാളിനെയോ കോളേജ് മാനേജ്മെന്റിനെയോ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തിരതീരുമാനം എടുക്കുമോ;

(ഇ) സിസ്റ്റർമേരി ഫ്രാൻസിസിനു പകരം പ്രിൻസിപ്പാളായി നിയമിതയായ സിസ്റ്റർ മേരി ലോറൻസിയയുടെ നിയമനം അംഗീകരിക്കുവാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly